REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 18-03-2025 | സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **ഇന്ത്യയും ന്യൂസിലൻഡും തമ്മിൽ അടുത്തതും സൗഹൃദ പരവുമായ ബന്ധമാണുള്ളതെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.**
- **പത്താമത് റൈസിന സംഭാഷണത്തിന് ന്യൂഡൽഹിയിൽ തുടക്കമായി.**
- **വികസന നേട്ടങ്ങളുടേയും, ക്ഷേമ നടപടികളുടേയും, കാര്യത്തിൽ കേരളം രാജ്യത്തിന് തന്നെ മാതൃകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളിൽ ഡിജിറ്റൽ നവീകരണം കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുമെന്ന് മന്ത്രി MB രാജേഷ്.**
- **ഇംഗ്ലണ്ടിൽ, കബഡി ലോകകപ്പിൽ ഇന്ത്യയ്ക്ക് വിജയത്തുടക്കം.**

## വാർത്തകൾ വിശദമായി

ഇന്ത്യയും ന്യൂസിലൻഡും തമ്മിൽ ജനാധിപത്യം, നിയമവാഴ്ച, ജനങ്ങൾതമ്മിലെ ശക്തമായ ബന്ധം എന്നിവ യിൽ വേരൂന്നിയ അടുത്തതും സൗഹൃദപരവുമായ ബന്ധ മാണുള്ളതെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. രാഷ്ട്രപതി ഭവനിൽ ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സണിനെയും പ്രതിനിധി സംഘത്തെയും സ്വീകരിച്ച് സംസാരിക്കുകയായിരുന്നു രാഷ്ട്രപതി.

ഡെസ്ക് റിപ്പോർട്ട്.

........വോയ്സ്........

വിദ്യാഭ്യാസ കൈമാറ്റം ഇന്ത്യ-ന്യൂസിലൻഡ് ബന്ധത്തിന്റെ ഒരു പ്രധാന വശമാണെന്ന് മുർമു പറഞ്ഞു. സ്ഥാപനപരമായ കൈമാറ്റങ്ങൾ, ഇന്ത്യയിൽ ന്യൂസിലൻഡ് സർവകലാ ശാലകളുടെ കാമ്പസുകൾ സ്ഥാപിക്കൽ, ഇരട്ട ബിരുദങ്ങൾ എന്നിവയിലൂടെ ഇരു രാജ്യങ്ങളും തമ്മിലെ വിദ്യാഭ്യാസ സഹകരണം വർദ്ധിപ്പിക്കുന്നതിന് അപാരമായ സാധ്യതകളുണ്ടെന്ന് രാഷ്ട്രപതി പറഞ്ഞു.ഇരു രാജ്യങ്ങളും തമ്മിലെ ഉഭയകക്ഷി വ്യാപാര, സാമ്പത്തിക ബന്ധങ്ങളുടെ വളർച്ചയിൽ മുർമു സംതൃപ്തി പ്രകടിപ്പിച്ചു. കഴിഞ്ഞ വർഷം ഓഗസ്റ്റിൽ നടത്തിയ ന്യൂസിലൻഡ് സന്ദർശനത്തിന്റെ ഓർമ്മകൾ രാഷ്ട്രപതി പങ്കുവെച്ചു.

✪✪✪

കേന്ദ്ര ആരോഗ്യ മന്ത്രിയും ബിജെപി ദേശീയ അധ്യക്ഷനുമായ JP. നദ്ദ ഇന്ന് ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സണുമായി കൂടിക്കഴ്ച നടത്തും. ന്യൂഡൽഹിയിലെ ഹോട്ടൽ ITC മൗര്യയിലാണ് കൂടിക്കാഴ്ച.

✪✪✪

ന്യൂഡൽഹിയിൽ പത്താമത് റൈസീന സംഭാഷണത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയും ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സണും ചേർന്ന് തുടക്കം കുറിച്ചു. സാമ്പത്തികമായി ലോകത്തിലെ ഏറ്റവും ചലനാത്മകമായ മേഖലയുടെ ഭാഗമാകാൻ സാധിച്ചതിൽ ഇന്ത്യയും ന്യൂസിലൻഡും ഭാഗ്യവാൻമാരാണെന്ന് ക്രിസ്റ്റഫർ ലക്സൺ പറഞ്ഞു.

ന്യൂസ് ഡെസ്കിൽ നിന്നും കൂടുതൽ വിവരങ്ങൾ

..........വോയ്സ്..........

വരും വർഷങ്ങളിൽ ആഗോള സാമ്പത്തിക വളർച്ചയുടെ മൂന്നിൽ രണ്ട് ഭാഗവും കൈയാളുന്നത് ഇന്തോ-പസഫിക് മേഖലയായിരിക്കുമെന്നും 2030 ആകുമ്പോഴേക്കും ലോകത്തിലെ മൂന്നിൽ രണ്ട് ഭാഗവും മധ്യവർഗ ഉപഭോക്താക്കളുടെ കേന്ദ്രമാകുമെന്നും അദ്ദേഹം വ്യക്തമാക്കി. ഈ സാമ്പത്തിക ഭാവിയുടെ കേന്ദ്രം ഇന്ത്യയാണെന്നും ലക്സൺ പറഞ്ഞു.

'കാലചക്രം - ജനങ്ങൾ, സമാധാനം, ഗ്രഹം' എന്നതാണ് ഈ വർഷത്തെ റെയ്സിന സംഭാഷണത്തിന്റെ പ്രമേയം. സമ്മേളനത്തിൽ ആറ് വിഷയങ്ങളിൽ ലോകത്തിലെ വിവിധ ഭാഗങ്ങളിൽ നിന്ന് ചിന്തകൻമാരും നേതാക്കളും അഭിപ്രായങ്ങൾ പങ്കുവെക്കും. 125 രാജ്യങ്ങളിൽ നിന്ന് 3,500 ലേറെ പ്രതിനിധികളാണ് പങ്കെടുക്കുന്നത്. മൂന്ന് ദിവസത്തെ പരിപാടി നാളെ സമാപിക്കും.

✪✪✪

ഇന്ത്യ-ഓസ്ട്രേലിയ പ്രതിരോധ നയ ചർച്ചകളുടെ ഒമ്പതാം പതിപ്പ് ഇന്നലെ ന്യൂഡൽഹിയിൽ നടന്നു. യോഗത്തിൽ, പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, ആഗോള വിഷയങ്ങളിൽ ഇരുപക്ഷവും അഭിപ്രായങ്ങൾ കൈമാറി. ഉഭയകക്ഷി പ്രതിരോധ സഹകരണത്തിലെ സുസ്ഥിരമായ പുരോഗതിയെ ഇരുപക്ഷവും സ്വാഗതം ചെയ്തതായി പ്രതിരോധ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

ഇന്ത്യൻ പ്രതിനിധി സംഘത്തെ ജോയിന്റ് സെക്രട്ടറി അമിതാഭ് പ്രസാദും ഓസ്ട്രേലിയൻ പക്ഷത്തെ ഓസ്ട്രേലിയൻ പ്രതിരോധ വകുപ്പിലെ അസിസ്റ്റന്റ് സെക്രട്ടറി ബെർണാഡ് ഫിലിപ്പുമാണ് നയിച്ചത്.

✪✪✪

കുട്ടികളുടെയും സ്ത്രീകളുടെയും പോഷകാഹാര നിലവാരം മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ട് വനിതാ-ശിശു വികസന മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന ഏഴാമത് പോഷൻ പക്വാഡക്ക് ഇന്ന് തുടക്കമാകും. ജീവിതത്തിലെ ആദ്യത്തെ 1000 ദിനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക, ഗുണഭോക്തൃ മൊഡ്യൂളിന്റെ ജനകീയവൽക്കരണം, CMAM മൊഡ്യൂൾ നടപ്പിലാക്കുന്നതിലൂടെ പോഷകാഹാരക്കുറവ് നിയന്ത്രിക്കുക, കുട്ടികളിലെ പൊണ്ണത്തടി പരിഹരിക്കുന്നതിന് ആരോഗ്യകരമായ ജീവിതശൈലി എന്നീ നാല് പ്രധാന വിഷയങ്ങളിൽ ഊന്നിയുള്ള പ്രവർത്തനങ്ങളാണ് പോഷൻ പക്വാഡയുടെ ഭാഗമായി ഇത്തവണ നടത്തുന്നത്. ഏപ്രിൽ രണ്ട് വരെയാണ് പരിപാടികൾ.

✪✪✪

വികസന നേട്ടങ്ങളുടേയും, ക്ഷേമ നടപടികളുടേയും, സമൂഹോന്മുഖമായ നിയമനിർമ്മാണങ്ങളുടേയും കാര്യത്തിൽ കേരളം രാജ്യത്തിന് തന്നെ മാതൃകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. നിയമസഭയിലെ ധനാഭ്യർത്ഥന ചർച്ചയ്ക്ക് മറുപടി പറയുകയായിരുന്നു മുഖ്യമന്ത്രി.

മയക്കുമരുന്നിനെതിരെ കേരളത്തിലെ പോലീസും എക്സൈസും മറ്റു സംവിധാനങ്ങളും മാതൃകാപരമായ ഇടപെടലുകളാണ് നടത്തുന്നത്. 100 കോടി രൂപയുടെ രാസലഹരിയാണ് ആൻഡമാനിലെ ജങ്കാറിൽ കേരളാ പോലീസ് കണ്ടെത്തിയത്.

കേരളം കണ്ട ഏറ്റവും വലിയ അന്തർ സംസ്ഥാന ലഹരികടത്ത് തലവനെ ഒഡീഷ്യയിൽ നിന്നാണ് കേരള പൊലീസ് പിടികൂടിയതെന്നും മുഖ്യമന്ത്രി പറഞ്ഞു. LDF ഭരണത്തിൽ കേസന്വേഷണത്തിന്റെ കാര്യത്തിൽ രാജ്യത്തിനാകെ മാതൃകയാണ് കേരളാ പൊലീസ്.

പോലീസ് രാജ് എന്ന ആരോപണം പ്രതിപക്ഷം ഉന്നയിക്കുന്നത് അവരുടെ തന്നെ പഴയ കല ഭരണത്തിന്റെ ഓർമവച്ചായിരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി സാമൂഹിക മാധ്യമമായ ട്രൂത്ത് സോഷ്യലിൽ ചേർന്നു. US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പതിവായി ഉപയോഗിക്കുന്ന ഒരു മാധ്യമമാണിത്. ട്രൂത്ത് സോഷ്യലിൽ അംഗമാകാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്ന് പ്രധാനമന്ത്രി പോസ്റ്റിൽ കുറിച്ചു. വരും കാലങ്ങളിൽ ഈ പ്ലാറ്റ്ഫോമിലെ എല്ലാ തീക്ഷ്ണമായവരോടും സംവദിക്കാനും അർത്ഥവത്തായ സംഭാഷണങ്ങളിൽ ഏർപ്പെടാനും ആഗ്രഹിക്കുന്നുണ്ടെന്നും നരേന്ദ്രമോദി പറഞ്ഞു.

മറ്റൊരു പോസ്റ്റിൽ, ട്രൂത്ത് സോഷ്യലിൽ പ്രധാനമന്ത്രിയെ കുറിച്ച് തയ്യാറാക്കിയ പോഡ്കാസ്റ്റ് പങ്കിട്ടതിന് ഡൊണാൾഡ് ട്രംപിന് മോദി നന്ദി പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി ഇന്റേൺഷിപ്പ് പദ്ധതിയുടെ മൊബൈൽ ആപ്പ് കേന്ദ്ര ധന മന്ത്രി നിർമ്മല സീതാരാമൻ ന്യൂഡൽഹിയിൽ പുറത്തിറക്കി. ആധാർ ഫെയ്സ് ആധികാരികതയിലൂടെ എളുപ്പത്തിലുള്ള രജിസ്ട്രേഷൻ, പുതിയ അപ്ഡേറ്റുകൾ ഉദ്യോഗാർത്ഥികളെ അറിയിക്കുന്നതിന് തത്സമയ അലേർട്ടുകൾ എന്നിവയുൾപ്പെടെ വിവിധ സൗകര്യങ്ങളടങ്ങിയതാണ് പുതിയ ആപ്പ്. അഞ്ച് വർഷത്തിനുള്ളിൽ മികച്ച 500 കമ്പനികളിലെ ഒരു കോടി യുവാക്കൾക്ക് ഇന്റേൺഷിപ്പ് അവസരങ്ങൾ നൽകുക എന്ന താണ് P Mഇന്റേൺഷിപ്പ് പദ്ധതി ലക്ഷ്യം.

✪✪✪

ഭിന്നശേഷിക്കാരായ കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് 50 കോടി രൂപയുടെ ഗ്രാൻഡ് അനുവദിച്ചു. ഗ്രാൻഡ് ഉടൻതന്നെ വിതരണം ചെയ്യുമെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. ഓണറേറിയം, വൊക്കേഷണൽ എക്യുപ്മെന്റ്, കളിപ്പാട്ടങ്ങൾ, മെഡിക്കൽ അലവൻസ്, ട്രാവൽ അലവൻസ്, ആർട്ട് എജുക്കേഷൻ തുടങ്ങിയവയ്ക്ക് സ്പെഷ്യൽ സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കാം. 270 സ്കൂളുകൾക്കാണ് ഗ്രാൻഡിന് യോഗ്യത.

✪✪✪

ആശ്വാസകിരണം പദ്ധതിയുടെ നടത്തിപ്പിനായി പതിനേഴ് കോടി അറുപത്തിനാല് ലക്ഷം രൂപ അനുവദിച്ചതായി മന്ത്രി ഡോ. R ബിന്ദു പറഞ്ഞു.

അർഹരായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ തുക എത്തിക്കാൻ അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

✪✪✪

കണ്ണൂർ ആറളം പുനരധിവാസ മേഖലയിൽ നിന്ന് കാട്ടാനകളെ തുരത്തുന്ന ദൗത്യം ഇന്നും തുടരും.

ഇന്നലെ ബ്ലോക്ക് ഏഴിലെ വയനാടൻ കാടുകളിൽ തമ്പടിച്ച രണ്ട് കൊമ്പനാന കളെ താളിപ്പാറ, കോട്ടപ്പാറ വഴി വന്യജീവി സങ്കേതത്തിലേക്ക് തുരത്താൻ ശ്രമിച്ചെങ്കിലും വൈകീട്ട് പെയ്ത കനത്ത മഴ കാരണം ദൗത്യം നിർത്തിവെച്ചു. ജനവാസ മേഖലയിലെ അടിക്കാടുകൾ വെട്ടിത്തെളിക്കുന്ന പ്രവൃത്തിയും തുടരും.

✪✪✪

സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളിൽ നവീന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഡിജിറ്റൽ നവീകരണം കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുമെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. നവീകരിച്ച തദ്ദേശ സ്വയംഭരണ വകുപ്പ് വെബ്സൈറ്റിന്റെ പ്രകാശനം തിരുവനന്തപുരം മാസ്ക്കറ്റ് ഹോട്ടലിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. അഴിമതി രഹിത തദ്ദേശ സ്ഥാപനങ്ങൾ എന്ന ലക്ഷ്യത്തിനായി അഴിമതിക്കെതിരെ പരാതി നൽകുന്നതിന് വാട്സാപ്പ് നമ്പറും മന്ത്രി ചടങ്ങിൽ പ്രഖ്യാപിച്ചു.

അടുത്ത മാസം 10 മുതൽ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലും ത്രിതല പഞ്ചായത്തുകളിലും സോഫ്റ്റ് വെയർ വിന്യസിക്കും. ഇതോടെ രാജ്യത്ത് തദ്ദേശ സ്ഥാപനങ്ങളുടെ സേവനങ്ങൾ പൂർണമായി ഓൺലൈനാക്കി മാറ്റുന്ന ആദ്യ സംസ്ഥാനമായി കേരളം മാറുമെന്നും MB രാജേഷ് അറിയിച്ചു.

✪✪✪

തദ്ദേശ സ്ഥാപനങ്ങളിലെ വാർഡ് വിഭജനവും അതിർത്തി നിർണയവും സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി നിശ്ചയിച്ച ഡീലിമിറ്റേഷൻ കമ്മിഷൻ കോടതി വിധിയെ തുടർന്ന് മരവിപ്പിച്ചിരുന്ന പരാതികളുടെ ഹിയറിങ് പൂർത്തിയാക്കി. ഡീലിമിറ്റേഷൻ കമ്മിഷൻ ചെയർമാനും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷണറുമായ A ഷാജഹാൻ, കമ്മിഷൻ അംഗം S ഹരികിഷോർ എന്നിവരുടെ നേതൃത്വത്തിൽ കോഴിക്കോട് നടന്ന ഹിയറിങ്ങിൽ ആകെ 784 പരാതികൾ പരിഗണിച്ചു.

✪✪✪

സിനിമാ മേഖലയിലെ വിവിധ സംഘടനകൾ ഉന്നയിച്ച വിഷയങ്ങൾ ചർച്ച ചെയ്യാനായി മന്ത്രി സജി ചെറിയാന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. ഫിലിം ചേമ്പർ, നിർമാതാക്കൾ തിയേറ്റർ ഉടമകൾ, വിതരണക്കാർ എന്നിവരുടെ സംഘടനാ പ്രതിനിധികൾ യോഗത്തിൽ സംബന്ധിച്ചു.

സംഘടനകൾ ഉയർത്തിയ വിവിധ വിഷയങ്ങളിൽ അനുഭാവപൂർവമായ നിലപാടാണ് ഗവൺമെന്റിനുള്ളത് എന്ന് മന്ത്രി പറഞ്ഞു. വിനോദ നികുതി അടക്കമുള്ള  വിഷയങ്ങൾ സംബന്ധിച്ച്  ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരുമായി ചർച്ച നടത്തും. വൈദ്യുതി നിരക്കിൽ ഇളവ് വേണമെന്ന ആവശ്യം പരിശോധിക്കും. സിനിമയെ വ്യവസായമായി പ്രഖ്യാപിക്കണം എന്ന ആവശ്യത്തിൽ അനുകൂല നിലപാടാണ് ഗവൺമെന്റിനുള്ളതെന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷത്തിനകം ട്രാൻസ്ജെൻഡർസിന്റെ ദൃശ്യതയും സാന്നിധ്യവും വർധിപ്പിക്കാനും അവർക്ക് സാമൂഹിക അംഗീകാരം വളർത്തിയെടുക്കാനും സാധിച്ചിട്ടുണ്ടെന്ന് മന്ത്രി ഡോ. R ബിന്ദു പറഞ്ഞു. 'വർണ്ണപ്പകിട്ട്' ട്രാൻസ്ജെൻഡർ സംസ്ഥാന കലോത്സവത്തിന്റെ സമാപന സമ്മേളനം തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ഇംഗ്ലണ്ടിൽ, കബഡി ലോകകപ്പിൽ ആദ്യ ദിവസം ഇന്ത്യയ്ക്ക് വിജയത്തുടക്കം. ഇന്ത്യയുടെ പുരുഷ ടീം ഇറ്റലിയെയാണ് തോൽപ്പിച്ചത്. ഉദ്ഘാടന മത്സരത്തിൽ ഇംഗ്ലണ്ട്, ഹംഗറിയെ പരാജയപ്പെടുത്തി.

ഏഷ്യയ്ക്ക് പുറത്ത് ആദ്യമായി നടക്കുന്ന മത്സരത്തിൽ  ഇറ്റലി, സ്കോട്ട്ലൻഡ്, വെയിൽസ്, ചൈന എന്നിവരോടൊപ്പം ഗ്രൂപ്പ് ബിയിലാണ് ഇന്ത്യൻ പുരുഷ ടീം. വനിതാ ടീം വെയിൽസ്, പോളണ്ട് എന്നിവരോടൊപ്പം ഗ്രൂപ്പ് ഡിയിൽ മത്സരിക്കും.

ഇന്ന് ഇന്ത്യൻ സമയം വൈകിട്ട്  5.30 ന് വെയിൽസുമായി വനിതാ ടീമും രാത്രി 10.30 ന്  സ്കോട്ട്ലൻഡുമായി പുരുഷ ടീമും ഏറ്റുമുട്ടും.

✪✪✪

ഫിറ്റ് ഇന്ത്യയുടെ ഭാഗമായി സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ, ട്രെയിനിംഗ് സെന്ററിന്റ ആഭിമുഖ്യത്തിൽ ലക്ഷദ്വീപിലെ അന്ത്രോത്ത് ദ്വീപിൽ സൈക്കിൾ റാലി സംഘടിപ്പിച്ചു.  വിദ്യാർത്ഥികളും മുതിർന്നവരുമുൾപ്പടെ നിരവധി പേർ പങ്കെടുത്തു.

✪✪✪

BJP സംസ്ഥാന നേതൃ യോഗത്തിന് തിരുവനന്തപുരത്ത് സമാപനം.BJP കേരള പ്രഭാരി പ്രകാശ് ജാവദേക്കർ, BJP സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ, മുൻ കേന്ദ്ര സഹമന്ത്രി V മുരളീധരൻ, കുമ്മനം രാജശേഖരൻ, ശോഭാ സുരേന്ദ്രൻ തുടങ്ങിയ BJP നേതാക്കളും പുതുതായി തിരഞ്ഞെടുക്കപ്പെട്ട ജില്ലാ അധ്യക്ഷൻമാരും യോഗത്തിൽ പങ്കെടുത്തു.

തദ്ദേശസ്വയം ഭരണ തിരഞ്ഞെടുപ്പ്, മുൻ തിരഞ്ഞെടുപ്പുകളിലെ BJP യുടെ മുന്നേറ്റം, ഭാവി സമര പരിപാടികൾ തുടങ്ങി വിവിധ വിഷയങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു.

✪✪✪

ഇന്നലെ അന്തരിച്ച പ്രശസ്ത ഗാനരചയിതാവ് മങ്കൊമ്പ് ഗോപാലകൃഷ്ണന്റെ നിര്യാണത്തിൽ നിയമസഭാ സ്പീക്കർ AN ഷംസീർ അനുശോചിച്ചു.

മലയാള സിനിമാ ഗാന ശാഖയ്ക്ക് തന്റെ തൂലികയാൽ അനശ്വരമായ ഗാനങ്ങൾ സമ്മാനിച്ച മങ്കൊമ്പ് ഗോപാലകൃഷ്ണന് ആദരാഞ്ജലികൾ അർപ്പിക്കുന്നതായി അദ്ദേഹം പറഞ്ഞു. മാങ്കൊമ്പ് ഗോപാലകൃഷ്ണന്റെ വിയോഗം മലയാള സിനിമയ്ക്ക് വലിയ നഷ്ടമാണെന്നും അദ്ദേഹത്തിൻറെ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നുവെന്നും സ്പീക്കർ അറിയിച്ചു.

✪✪✪

മങ്കൊമ്പ് ഗോപാലകൃഷ്ണന്റെ നിര്യാണത്തിൽ CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ അനുശോചിച്ചു. അദ്ദേഹത്തിന്റെ വേർപാട് മലയാള സിനിമാ ലോകത്തിന് വലിയ നഷ്ടമാണെന്ന് അദ്ദേഹം അനുശോചന സന്ദേശത്തിൽ പറഞ്ഞു.

✪✪✪

പാലക്കാട് പത്തംകുളത്ത് സ്കൂളിന് സമീപത്ത് കടയിൽ നിന്നും 2.358 കിലോഗ്രാം നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടികൂടി. കടയുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് എക്സൈസ് അറിയിച്ചു.

അഗളി ചിറ്റൂർ ഉന്നതയിൽ അനധികൃതമായി വിൽപ്പനയ്ക്കായി സൂക്ഷിച്ച 20 ലിറ്റർ മദ്യവും എക്സൈസ് പിടികൂടി. സംഭവത്തിൽ സുരേഷ് എന്നയാളെ അറസ്റ്റ് ചെയ്തു.

✪✪✪

പാലക്കാട് ചിറ്റൂർ റേഞ്ചിലെ മൂന്ന് ഷാപ്പുകളിൽ കൂടി കള്ളിൽ ചുമ മരുന്നിന്റെ സാന്നിധ്യം കണ്ടെത്തി. മീനാക്ഷിപുരം, മോളക്കാട്, അഞ്ചുവള്ളക്കാട് എന്നിവടങ്ങളിലെ ഷാപ്പിൽ നിന്ന് എടുത്ത സാമ്പിളുകളിലാണ് ബെനാഡ്രിലിന്റെ സാന്നിധ്യം കണ്ടെത്തിയത്. ഇവയുടെ ലൈസൻസ് റദ്ധാക്കുമെന്ന് എക്സൈസ് ഉദ്യോഗസ്ഥർ പറഞ്ഞു.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: സയ്യിദ് അലി ശിഹാബ്, നിമിഷ ജി*
*DEO: സുബോധ് സി കെ*